**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2674** **13-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷനുകൾ - മുടങ്ങിയവരുടെ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മസ്റ്ററിംഗ് നടത്താത്തതിനാലും ബാങ്ക് അക്കൗണ്ട് മാറിപ്പോയതിനാലും സാമൂഹ്യ സുരക്ഷാ പെൻഷനുകളും ക്ഷേമനിധി ബോർഡ് പെൻഷനുകളും മുടങ്ങിയവർക്ക് നിലവിലെ സാഹചര്യത്തിൽ കുടിശ്ശിക നൽകാൻ കഴിയില്ലെന്ന് വ്യക്തമാക്കി വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; | (എ) | ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 07.10.2022-ലെ സ.ഉ(എം.എസ്)നം. 174/2022/ധന പ്രകാരം മസ്റ്ററിംഗ് ചെയ്യുന്നതിൽ വന്ന കാലതാമസം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ പെൻഷൻ കുടിശ്ശികയായ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ കുടിശ്ശിക വ്യക്തിഗതമായി അനുവദിക്കാൻ കഴിയില്ലായെന്നും, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തി കുടിശ്ശിക വിതരണത്തിനായി സർക്കാർ ഫണ്ട് കണ്ടെത്തി ആയത് അനുവദിക്കുമ്പോൾ മാത്രമേ ഗുണഭോക്താക്കൾക്ക് പെൻഷൻ കുടിശ്ശിക ലഭ്യമാകുകയുള്ളു എന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇപ്രകാരം ഉത്തരവിറക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | ക്ഷേമപെൻഷൻ സെക്ഷനുകളിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ബാങ്ക് അക്കൗണ്ട് നമ്പർ, ആധാർ നമ്പർ തുടങ്ങിയവ എഴുതുമ്പോൾ ഉണ്ടാകുന്ന പിഴവുകൾ, മറ്റു ക്ലറിക്കൽ പിഴവുകൾ എന്നിവ മൂലം പെൻഷൻ ആനുകൂല്യം നഷ്ടപ്പെട്ടവർക്കും ഇതുമൂലം കുടിശ്ശിക ലഭിക്കാതാകുന്ന സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (സി) | പരിശോധിച്ചിട്ടുണ്ട്. |
| (ഡി) | ശാരീരികാവശതകൾ, മറ്റു കുടുംബപരമായ പ്രശ്നങ്ങൾ, ജീവിത സാഹചര്യങ്ങൾ എന്നിവ കാരണം മസ്റ്ററിംഗ് യഥാസമയം നടത്താനും മറ്റു സാങ്കേതിക നിർദേശങ്ങൾ കഴിയാതെ പോയവർക്ക് പെൻഷൻ നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കാണ് മസ്റ്ററിംഗ് നിർബന്ധമാക്കിയിരുന്നത്. മസ്റ്ററിംഗിനായി നിരവധി തവണ അവസരങ്ങൾ നൽകിയിരുന്നതും, പ്രസ്തുത കാലയളവുകളിലെല്ലാം ബയോമെട്രിക് മസ്റ്റിംഗിനായി അക്ഷയകേന്ദ്രങ്ങളിൽ എത്താൻ ബുദ്ധിമുട്ടുള്ള കിടപ്പ |

| | | | |
|---|---|---|---|
| | | | രോഗികൾ, 5 വയസ്സിൽ താഴയുള്ള കുട്ടികൾ, 85 വയസ്സ കഴിഞ്ഞവർ എന്നിങ്ങനെ ശാരീരികമായ അവശതകൾ ഉള്ളവർക്കെല്ലാം ഹോം മസ്റ്ററിംഗിന് അവസരം നൽകിയിരുന്നതും മസ്റ്ററിംഗിന്റെ മുഴുവൻ ചെലവും സർക്കാർ വഹിച്ചിരുന്നതുമാണ്.<br><br>പ്രസ്തുത മസ്റ്ററിംഗ് ഇനിയും പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യുന്നതിനായും, മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ / ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായും എല്ലാ മാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ് ചെയ്യുന്നതിന് മുൻപുള്ള കാലയളവ്) സമയം അനുവദിച്ചിട്ടുണ്ട്. മസ്റ്ററിംഗ് പൂർത്തീകരിക്കുന്ന മുറയ്ക്ക് അത്തരക്കാർക്ക് പെൻഷൻ വിതരണം പുനരാരംഭിക്കുന്നതാണ്. |
| (ഇ) | എങ്കിൽ തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ പെൻഷൻ നിഷേധിക്കപ്പെട്ടവർക്ക് പെൻഷൻ കുടിശ്ശിക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ) | 07.10.2022-ലെ സ.ഉ. (എം.എസ്) നം. 174/2022/ ധന പ്രകാരം തുക കണ്ടെത്തി അനുവദിക്കുമ്പോൾ മാത്രമേ കുടിശ്ശിക നൽകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ